പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3754 — 14.03.2017 -ൽ മറുപടിക്ക്.

## ഹോട്ടലുകളിൽ ഭക്ഷണപദാർത്ഥങ്ങളുടെ വില ഏകീകരിക്കൽ

| ചോദ്യം<br>**ശ്രീ.സി.കൃഷ്ണൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഒരേ ഇനം ഭക്ഷണ സാധനങ്ങൾക്ക് വിവിധ തരത്തിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നല്കുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേ ഇനം ഭക്ഷണ സാധനങ്ങൾക്ക് വിവിധ തരത്തിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഹോട്ടൽ വില ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ; | (ബി) ഹോട്ടലുടമകൾ ഭക്ഷ്യസാധനങ്ങളുടെ വില അന്യായമായി വർദ്ധിപ്പിക്കുന്നത് തടയുന്നതിന് ഉദ്യോഗസ്ഥർ പരിശോധന നടത്തി ഉപഭോക്താക്കൾ കാണത്തക്ക വിധത്തിൽ വിലവിവര പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടോ, വിലവിവര പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ Kerala Food Stuffs (Display of prices by catering establishment order), 1977 ലെയും 1980 ലെയും Kerala essential commodities (maintenance of account and display of price and stock) order എന്നിവ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ സ്റ്റാർ വിഭാഗത്തിൽപ്പെട്ട ഹോട്ടലുകളെ ഇക്കാര്യത്തിൽ പരിഗണിക്കാൻ കഴിയില്ല. |
| (സി) വില ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിൽ സംവിധാനങ്ങളില്ലെങ്കിൽ ആയത് ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി രൂപം നല്കിയ "2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" ബിൽ നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമ നിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരുന്നു. ഈ വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ